**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **28-02-2023 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിനെ പ്രളയത്തിൽ നിന്ന് സംരക്ഷിക്കുന്ന തോട്ടപ്പള്ളി സ്പിൽവേയും പാലവും ഏതു വർഷമാണ് നിർമ്മിച്ചത്; എത്ര ഷട്ടറുകളാണ് ഇതിനുള്ളത്; വിശദമാക്കുമോ; | (എ) | **തോട്ടപ്പള്ളി സ്പിൽവേയും പാലവും** 1954-ൽ ആണ് നിർമ്മിച്ചത്. 40 സ്റ്റെയിൻലെസ് സ്റ്റീൽ **ഷട്ടറുകളാണ് ഇതിനുള്ളത്.** |
| (ബി) | കാലപ്പഴക്കം മൂലം ഷട്ടറുകളുടെ കൃത്യമായ പ്രവർത്തനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കാലപ്പഴക്കം ചെന്ന എം.എസ്.ഷട്ടറുകൾ മാറ്റി 2013-2014 കാലഘട്ടത്തിൽ സ്റ്റെയിൻ ലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുക യുണ്ടായി. എന്നാൽ തദവസരത്തിൽ concrete groove, Corner angle എന്നിവയ്ക്ക് യാതൊരുവിധ നവീകരണ പ്രവർത്തനങ്ങളും നടത്തിയില്ല. ആയത് മൂലം ഷട്ടർ റെഗുലേറ്റ് ചെയ്യുന്ന സമയങ്ങളിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. എന്നാൽ Groove-ൽ നിന്നും തെന്നി മാറിയ ഏഴാം നമ്പർ ഷട്ടർ ഒഴികെ 39 ഷട്ടറുകളും നിലവിൽ മെയിന്റനെൻസ് നടത്തി റെഗുലേറ്റ് ചെയ്യാൻ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | അറ്റകുറ്റപ്പണിക്കായി കഴിഞ്ഞ അഞ്ചു വർഷം എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത് എന്നും ഏതൊക്കെ പ്രവൃത്തികൾക്കായാണ് ഇത് ചെലവഴിച്ചതെന്നും വിശദമാക്കാമോ; | (സി) | അറ്റകുറ്റ പണിയ്ക്കായി കഴിഞ്ഞ 5 വർഷം പ്രവർത്തികൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിലവിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണിക്കായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക; പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | തയ്യാറാക്കിയിട്ടുണ്ട്. ഷട്ടറുകളുടെ ഉയരം കൂട്ടൽ, end box-ന്റെ ഉയരം കൂട്ടി roller സ്ഥാപിക്കൽ, Corner angle മാറ്റി S.S. Groove സ്ഥാപിക്കൽ, Wire rope മാറ്റൽ, റബ്ബർ സീൽ മാറ്റൽ എന്നിവയ്ക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 16,11,20,000/-(പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഇ) | സ്പിൽവേ ഷട്ടറുകൾക്ക് ഉയരം കുറവായതിനാൽ ഉപ്പുവെള്ളം ഷട്ടറിനു മുകളിലൂടെ ശുദ്ധജല തടാകത്തിൽ കയറുന്നതായ ആക്ഷേപം | (ഇ) | **ശ്രദ്ധയിൽപ്പെട്ടിട്ടു**ണ്ട്; ശക്തമായ വേലിയേറ്റം ഉള്ള സമയത്ത് ഷട്ടറുകൾക്ക് മുകളിലൂടെ ശുദ്ധജല തടാകത്തിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | ഷട്ടറുകൾക്ക് 50 സെ.മീ. ഉയരം കൂട്ടുന്നതു ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് 16,11,20,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl no | Description | Year | Amount (Rupees) |
|---|---|---|---|
| 1 | For providing 1 No 14 Ton hydra and 1 No. ferrana crane at Thottapally shutter lifting work on hire basis | 2018-2019 | 25000 |
| 2 | Mace of Thottappally spillway rewinding 5 hp, 1400 rpm lifting motor 3 Nos. | | 24426 |
| 3 | Nil | 2019-2020 | Nil |
| 4 | Mace of Thottappally spillway rewinding of 5 hp , 1400 rpm lifting motor | 2020-2021 | 43424 |
| 5 | For hiring 30kva generator set to Thottapally spillway shutter for urgent regulation | 2021-2022 | 37226 |
| 6 | For hiring Hittachi/crane for emergency lifting of shutters in Thottappally spillway for urgent regulation | | 88440 |
| 7 | For urgent regulation in Thottappally spillway hiring JCB for fitting the Hittachi chain to the wheel. | | 6750 |
| 8 | Urgent rectification and re-fitting of shutter No.7 in the Thottappally spillway due to the dislocation of shutter in heavy tidal variation | | 150000 |
| 9 | Urgent Maintenance for Thottapally spillway | 2022-2023 | 1025597 |
| 10 | Purchase of Wire Rope | | 94400 |
| 11 | Purchase of Consumables like Grease, Cardium compound, cotton waste etc. | | 67000 |

**സെക്ഷൻ ഓഫീസർ**